LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്

40 [215] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർ വീണ്ടുമൊരു അനിശ്ചിതകാല പണിമുടക്കിലേക്ക് നീങ്ങുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ജീവനക്കാരുടെ ശമ്പളം ഏറ്റവുമൊടുവിലായി പരിഷ്ക്കരിച്ചത് എന്നാണ്;

(സി) സംസ്ഥാന ജീവനക്കാരുടെ ശമ്പളം ഇതിനുമുമ്പ് പരിഷ്ക്കരിച്ചത് എന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർ എത്ര ദിവസത്തെ പണിമുടക്കാണ് നടത്തിയത്;

(ഇ) സർക്കാർ ജീവനക്കാരുടെ പണിമുടക്ക് ഒഴിവാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ. ഉ. (പി) നമ്പർ 3000/98/ധന. തീയതി 25-11-1998 പ്രകാരം 1-3-1997 മുതൽ പ്രാബല്യം നൽകിയാണ് സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം അവസാനമായി പരിഷ്ക്കരിച്ചത്.

(സി) 1-4-1958, 1-1-1966, 1-7-1968, 1-7-1973, 1-7-1978, 1-7-1983, 1-7-1988, 1-3-1992 എന്നീ തീയതികൾ പ്രാബല്യത്തിലാണ് മുമ്പ് സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചത്.

(ഡി) ആന്റണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 38 ദിവസത്തെ പണിമുടക്കാണ് നടത്തിയിട്ടുള്ളത്.

(ഇ) ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാനത്ത് നടന്നുവരുന്ന പ്രക്ഷോഭം

41 [216] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്ത് നടന്നുവരുന്ന പ്രക്ഷോഭം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ശമ്പള പരിഷ്ക്കരണം വൈകിയ സാഹചര്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യവും ഡി.എ. ശമ്പളത്തോടൊപ്പം ലയിപ്പിച്ച് ആനുകൂല്യം നൽകുന്ന കാര്യവും സർക്കാർ ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി കമ്മീഷൻ രൂപീകരിക്കുന്നതിനെ പറ്റി ആലോചിക്കുന്നതിനു സർക്കാർ തയ്യാറാണ്.

(സി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുള്ള ചെലവ്

42 [217] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി എത്ര തുക ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ സംസ്ഥാന വിഹിതം എന്ന നിലയിൽ എത്ര തുക ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക സമയബന്ധിതമായി ചെലവഴിക്കുവാനും ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഇവയെ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്കായി ആകെ 53189.40 ലക്ഷം രൂപ ചെലവഴിക്കുവാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്:

(i)	കർഷകത്തൊഴിലാളി പെൻഷൻ	.. 17037.48 ലക്ഷം രൂപ
(ii)	കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമ നിധി ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടിത്തൊഴിലാളികൾക്കും സ്റ്റാഫിനും നൽകിവരുന്ന പെൻഷൻ	.. 584.75 ലക്ഷം രൂപ
(iii)	ചുരുട്ട് തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ	.. 19.53 ലക്ഷം രൂപ
(iv)	മരം കയറ്റ തൊഴിലാളികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം	.. 143.80 ലക്ഷം രൂപ
(v)	പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകിയ സാമ്പത്തിക സഹായം	.. 76.66 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly